# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 755 — 02.12.2015-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗനിർണയവും ചികിൽസയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം :<br>,, കെ. അച്ചുതൻ :<br>,, ബെന്നി ബെഹനാൻ :<br>,, ജോസഫ് വാഴയ്ക്കൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗ നിർണയവും ചികിൽസയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക. രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമം ഇല്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിയ്ക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും, രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും, മുൻകൂറായി ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിയ്ക്കുന്നു. |
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ ചുവട് പിടിച്ച് സംസ്ഥാന |

ആരോഗ്യ വകുപ്പ് 2012-ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്. ഭരണ തലത്തിൽ ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിയ്ക്കുകയും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതിയ്ക്ക് വേണ്ട രൂപരേഖയും, മാർഗ്ഗ നിർദ്ദേശങ്ങളും തയ്യാറാക്കി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ആലോചന അവലോകന യോഗങ്ങൾ സംഘടിപ്പിയ്ക്കുകയും പരിശീലന പരിപാടികൾ ഫീൽഡ് തലം വരെ നൽകുകയും ചെയ്യുന്നു. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിയ്ക്കുകയും സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ആശുപത്രി തലത്തിലും കൃത്യമായ അവലോകനം നടത്തുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ